**12. പൈകോ ജലവൈദ്യുത പദ്ധതിയിലൂടെ വാത്തുകുടി പഞ്ചായത്തിലെ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷൻ വൈദ്യതീകരണം.**



പീക്കോ ജലവൈദ്യുത പദ്ധതിയുടെ സഹായത്തോടെ വൈദ്യുത ആവശ്യങ്ങൾ നിറവേറ്റുന്ന ആദ്യത്തെ പോലീസ് സ്റ്റേഷനായി വാത്തുക്കുടി പഞ്ചായത്തിലെ മുരിക്കാശ്ശേരി പോലീസ് സ്റ്റേഷൻ മാറിക്കഴിഞ്ഞു. കേന്ദ്ര സർക്കാർ സബ്സിഡിയോടുകൂടി എനർജി മാനേജ്മെന്റ് സെന്റർ നിർമിച്ചു കൊടുക്കുന്ന 116 മത്തെ ചെറുകിട ജല വൈദ്യുത പദ്ധതിയാണിത്. വാത്തുകുടി പഞ്ചായത്തുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പോലീസ് സ്റ്റേഷനിൽ നിന്നും നൂറു മീറ്റർ അകലെയുള്ള കുത്തുങ്കൽ വെള്ളച്ചാട്ടത്തിനു സമീപമാണ് ടർബൈൻ സ്ഥാപിച്ചിട്ടുള്ളത്.

120 മീറ്റർ നീളമുള്ള പെൻസ്റ്റോക്ക് പൈപ്പ് വഴി വെള്ളം ടർബൈനിൽ എത്തിച്ചാണ് ഇവിടെ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. 250 മീറ്റർ നീളത്തിൽ സ്ഥാപിച്ച ഭൂഗർഭ കേബിൾ വഴി വൈദ്യുതി പോലീസ് സ്റ്റേഷനിൽ എത്തിക്കും. സ്റ്റേഷനിലെ ആവശ്യങ്ങൾക്കുള്ള വൈദ്യുതി പൂർണമായും ഇതിൽ നിന്നും ലഭിക്കും.

